40 (949) കായംകുളം മണ്ഡലത്തിലെ മേജർ ഇറിഗേഷൻ കനാലുകളുമായി ബന്ധപ്പെടുത്തിയുള്ള പ്രോജക്ട് റിപ്പോർട്ട്

ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97-ൽ കായംകുളം മണ്ഡലത്തിലെ മേജർ ഇറിഗേഷൻ കനാലുകളുമായി ബന്ധപ്പെടുത്തി മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പ് സമർപ്പിച്ച 360 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് ഇതിനകം നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന് നാളിതുവരെ നടപടികളൊന്നും എടുക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) മേൽപ്പറഞ്ഞ മേജർ ഇറിഗേഷൻ പ്രോജക്ട് ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി)കായംകുളം മണ്ഡലത്തിലെ കരിപ്പുഴ കനാലിന്റെയും മലയൻ കനാലിന്റെയും സംരക്ഷണ പണികൾ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് 1997 ആഗസ്റ്റ് മാസത്തിൽ ചീഫ് എൻജിനീയർക്ക് ലഭിച്ചിരുന്നു. അവ പരിശോധിച്ചപ്പോൾ കനാലിന്റെ ജല നിർഗ്ഗമനശേഷി കുറയ്ക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്ന് ബോദ്ധ്യം വന്നതിനാൽ അവ ആവശ്യമായ ഭേദഗതികൾ വരുത്തിയും എല്ലാ പണികളും ഉൾപ്പെടുത്തിയും സാങ്കേതികമായി പരിഷ്കരിച്ച് സമർപ്പിക്കാൻ ബന്ധപ്പെട്ട എൻജിനീയർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ഡി) പരിഷ്കരിച്ച പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

41 (950) സുൽത്താൻ ബത്തേരി മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികളിൽ ഏതെല്ലാം പദ്ധതികളാണ് അറ്റകുറ്റപ്പണികൾ ചെയ്യാത്തതിനാൽ ഉപയോഗയോഗ്യമല്ലാത്തതു എന്നറിയിക്കുമോ;

(ബി) ഇവ ഉപയോഗയോഗ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സുൽത്താൻ ബത്തേരി മണ്ഡലത്തിൽ അറ്റകുറ്റപ്പണികൾ ചെയ്യാത്തതിനാൽ ഉപയോഗയോഗ്യമല്ലാത്ത ചെറുകിട ജലസേചന പദ്ധതികൾ ഒന്നും തന്നെയില്ല.

(ബി) ഉദിക്കുന്നില്ല.

42 (951) സുൽത്താൻ ബത്തേരി മണ്ഡലത്തിലെ പണി പൂർത്തിയാകാത്ത ചെറുകിട ജലസേചന പദ്ധതികൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി മണ്ഡലത്തിലെ പണിപൂർത്തിയാകാതെ കിടക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) ഇവ ഓരോന്നും പൂർത്തീകരിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(സി) ഇവ ഒരോന്നും എന്ന് കമ്മീഷൻ ചെയ്യും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സുൽത്താൻ ബത്തേരി മണ്ഡലത്തിൽ പണിപൂർത്തിയാകാത്ത നാല് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുണ്ട്. അവ താഴെപ്പറയുന്നവയാണ്.

1. പുൽപ്പള്ളി പഞ്ചായത്തിലെ "പാക്കം"
2. മുള്ളൻകൊല്ലി പഞ്ചായത്തിലെ "കൊളവള്ളി"
3. നെൻമണിക്കര പഞ്ചായത്തിലെ "ആളൂർ"
4. പുൽപ്പള്ളി പഞ്ചായത്തിലെ "ഭസനക്കര"

(സി) 'പാക്കം' എൽ.ഐ.സ്കീമിന്റെ 145 മീറ്റർ നീളമുള്ള നീർപാലവും അതോടനുബന്ധിച്ചുള്ള കനാൽ നിർമ്മാണവും പൂർത്തിയാകാനുണ്ട്. പമ്പ് ഹൗസിന്റെ വയറിംഗും നടത്താനുണ്ട്. ഇവയുടെ പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. "കൊളവള്ളി" എൽ.ഐ.സ്കീമിൽ സിവിൽ വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. പമ്പും മോട്ടോറും നൽകുന്നതിനുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. വൈദ്യുതീകരണത്തിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. 'താളൂർ' സ്കീമിന്റെ പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. 'ഭസനക്കര' എൽ.ഐ.സ്കീമിന്റെ പണികൾ ആരും ഏറ്റെടുക്കുവാൻ തയ്യാറാകാത്തതിനാൽ പണിയുടെ എസ്റ്റിമേറ്റ് പുതുക്കിയ നിരക്കിലാക്കി ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഡി) പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റുകളുടെ അനുമതി നൽകുന്ന മുറയ്ക്ക് പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly